പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4066 — 25.06.2014-ൽ മറുപടിക്ക്

## ഫിസിയോ തെറാപ്പിസ്റ്റുകളുടെ സ്വതന്ത്ര പ്രാക്ടീസിനുള്ള വ്യവസ്ഥകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എളമരം കരീം : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) നിർദ്ദിഷ്ട ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിന്റെ പരിധിയിൽ ഫിസിയോ തെറാപ്പി ഉൾപ്പെടുമോ ; | (എ) സംസ്ഥാനത്തെ എല്ലാ അംഗീകൃത ചികിത്സാ സമ്പ്രദായങ്ങളും ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടും. |
| (ബി) സർക്കാർ മേഖലയിൽ ഫിസിയോ തെറാപ്പി സൗകര്യം നാമമാത്രമാണെന്നുള്ളതും സ്വകാര്യ ക്ലിനിക്കുകൾ വഴിയാണ് സാധാരണക്കാർക്ക് ഇത് ലഭ്യമാകുന്നതെന്നും മനസ്സിലാക്കിയിട്ടുണ്ടോ ; | (ബി) സർക്കാർ മേഖലയിൽ ഫിസിയോതെറാപ്പി സൗകര്യം പ്രധാനമായും ജില്ലാ ആശുപത്രികളിലൂടെയും കൂടാതെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് ഫിസിക്കൽ മെഡിസിൻ & റിഹാബിലിറ്റേഷൻ ഡിപ്പാർട്ട്മെന്റ് വഴിയും ലഭ്യമാകുന്നുണ്ട്. ചില സാഹചര്യങ്ങളിൽ സ്വകാര്യ ക്ലിനിക്കുകൾ വഴി ഇത് ലഭ്യമാകുന്നത് മനസ്സിലാക്കിയിട്ടുണ്ട്. |
| (സി) ഫിസിയോ തെറാപ്പിസ്റ്റുകളുടെ നിലവിലുള്ള സ്വതന്ത്ര പ്രാക്ടീസ് നിലനിറുത്തുന്നതിനാവശ്യമായ വ്യവസ്ഥകൾ നിയുക്ത ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; | (സി) 'ദി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ 2008' -ന്റെ കരട് രൂപത്തിൽ ഇപ്രകാരം ഉള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല. |
| (ഡി) ബില്ലിന്റെ വ്യവസ്ഥകൾ പ്രകാരം സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കും ചെറുകിട സ്ഥാപനങ്ങൾക്കും പ്രത്യേകം വ്യവസ്ഥകൾ ഉൾപ്പെടുത്തുമോ ? | (ഡി) വിവിധ വിഭാഗങ്ങളിലുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് വ്യത്യസ്തമായ മാനദണ്ഡങ്ങൾ നിർണ്ണയിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ